ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് - യൂണിഫോം വിതരണത്തിന് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.301/2025/TAXES തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-

1. 25.01.2023-ലെ സ.ഉ.(സാധാ) നം. 69/2023/ടാക്സസ് നമ്പർ സർക്കാർ ഉത്തരവ്
2. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 24.07.2024 ലെ LWHO/11/2024-E1 നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിനായി ₹2,20,00,000/- (രണ്ടു കോടി ഇരുപത് ലക്ഷം രൂപ മാത്രം) രൂപ വിനിയോഗിയ്ക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിരുന്നു. ടി തുക 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതമായി ബോർഡിന് വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിയ്ക്കണമെന്ന് പരാമർശം (2) പ്രകാരം ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സ്ക്യൂട്ടീവ് ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിനായി ₹2,20,00,000/- (രണ്ട് കോടി ഇരുപത് ലക്ഷം രൂപ മാത്രം) 2075-00-103-96-00-10-00-N-V എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുക കേരള സ്റ്റേറ്റ് ലോട്ടറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് (Account No. 799011400004208) വരവുവച്ച് നല്കേണ്ടതാണ്. തുകയുടെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമയബന്ധിതമായി സർക്കാരിൽ ലഭ്യമാക്കേണ്ടതും ഇതു സംബന്ധിച്ച അക്കൗണ്ടുകൾ റീകൺസിലിയേഷൻ നടത്തി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ഹെഡ് ഓഫീസ്, തിരുവനന്തപുരം
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
7. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, തിരുവനന്തപുരം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
8. ധനകാര്യ വകുപ്പ് (27.03.2025-ലെ 2887972/Exp-B1/456/2024-Fin പ്രകാരം)
9. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വകുപ്പ്)
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/226/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 29-03-2025 12:15:15

സെക്ഷൻ ഓഫീസർ